# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 12, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 284)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി | 340 മുതൽ 470 വരെ |
| സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 471 മുതൽ 525 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 526 മുതൽ 568 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 569 മുതൽ 623വരെ |

### 2011-12-ലെ വൈദ്യുത വകുപ്പിന്റെ പ്ലാൻ ഫണ്ട്

340 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12-ൽ വൈദ്യുത വകുപ്പിന്റെ പ്ലാൻ ഫണ്ട് തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ ;

(ബി) വൈദ്യുതി വകുപ്പിൻ കീഴിലുള്ള നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏവ ; ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുകയെത്ര ;

(സി) വൈദ്യുത വകുപ്പിന്റെ ഓരോ ഹെഡിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### വൈദ്യുതി ആസൂത്രണത്തിലെ പിഴവ്

341 ശ്രീ. എം. ചന്ദ്രന്‍
,, കെ. കുഞ്ഞിരാമന്‍, (തൃക്കരിപ്പൂര്‍)
,, കെ. ദാസന്‍
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ അധികാരങ്ങള്‍ എന്തൊക്കെയാണ്;

(ബി) വൈദ്യുതി ബോര്‍ഡിന്റെ വൈദ്യുതി ആസൂത്രണത്തില്‍ ഉണ്ടായ പിഴവുകളാണ് ഇപ്പോഴത്തെ വൈദ്യുതി ക്ഷാമത്തിന് കാരണമെന്ന് റഗുലേറ്ററി കമ്മീഷന്‍ കണ്ടെത്തിയിരുന്നോ; എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തില്‍ പ്രസ്തുത ആസൂത്രണ വൈകല്യങ്ങള്‍ക്ക് ഉത്തരവാദികള്‍ ആരെല്ലാമാണെന്നത് സംബന്ധിച്ച് ബോര്‍ഡ് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ബോർഡ് കമ്പനിവൽക്കരണം**

**342**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2003 - ലെ കേന്ദ്രഇലക്ട്രിസിറ്റി ആക്ട് പ്രകാരം സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് കമ്പനിയാക്കി മാറ്റണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) കമ്പനിവൽക്കരണത്തിന് മറ്റെന്തെങ്കിലും കാരണങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാന വൈദ്യുതി ബോർഡ് നിലനിർത്താമെന്ന് കോടതി വിധി ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ബോർഡ് കമ്പനിവൽക്കരിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ**

343 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് കമ്പനിവൽക്കരിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതു സംബന്ധിച്ച് ജീവനക്കാരുടെ യൂണിയനുകളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(സി) ജിവനക്കാരുടെ യൂണിയനുകളും വൈദ്യുതി മേഖലയിലെ ബന്ധപ്പെട്ട വിദഗ്ധൻമാരുമായി ചർച്ച ചെയ്തതിനുശേഷം മാത്രം നിലവിലുള്ള സംവിധാനങ്ങൾ ജീവനക്കാർക്കും ദോഷം വരാത്ത രീതിയിൽ മറ്റ് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>ഒറീസ്സ ബൈതരണിയിലെ താപവൈദ്യുത നിലയം</u>

344 ശ്രീ. പി. എ. മാധവന്‍
,, പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഒറീസ്സയിലെ ബൈതരണിയില്‍ കല്‍ക്കരി ഉപയോഗിച്ച് താപ വൈദ്യുത നിലയം ആരംഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികള്‍ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ ചെലവ് ആരാണ് വഹിക്കുന്നത്;

(സി) ഉല്‍പ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി വിതരണം ചെയ്യുന്നതെങ്ങനെയാണ്;

(ഡി) ഇതിലൂടെ സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

കെ. എസ്. ഇ. ബിയും എൻ. ടി. പി. സിയും
തമ്മിലുണ്ടാക്കിയ കരാർ

345 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ മാസം മുതൽ 2013 മെയ് മാസം വരെയുള്ള കാലയളവിൽ കേരളത്തിലുണ്ടായേക്കാവുന്ന വൈദ്യുതിക്ഷാമം പരിഹരിക്കുവാൻ വൈദ്യുതി വാങ്ങുന്നതിന് വൈദ്യുതി ബോർഡും എൻ.ടി.പി.സി യും തമ്മിൽ കരാറുണ്ടാക്കിയിട്ടുണ്ടോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഈ കരാറിലൂടെ കേരളം വാങ്ങുന്നത്;

(സി) കേരളത്തിൽ വൈദ്യുതിക്ഷാമം കൂടുതൽ അനുഭവിക്കുന്ന ഒക്ടോബർ മുതൽ മെയ് മാസംവരെയുള്ള സമയങ്ങളിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ മെയ് മാസം വരെയുള്ള കാലയളവിൽ ഇതുപോലൊരു കരാർ വൈദ്യുതിബോർഡ് എൻ.ടി.പി.സിയുമായി ഉണ്ടാക്കിയിരുന്നോ;

(ഇ) എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി വാങ്ങാനാണ് കരാറുണ്ടാക്കിയിരുന്നതെന്നും, ഈ കരാർ പ്രകാരമുള്ള എത്ര മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭിച്ചു എന്നും വ്യക്തമാക്കാമോ;

(എഫ്) കരാർ പ്രകാരം വൈദ്യുതി വാങ്ങാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ജി) പ്രസ്തുത കരാർ പ്രകാരമുള്ള വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ വൈദ്യുതി ബോർഡിന് സ്വന്തമായി സംവിധാനമുണ്ടോ; ഇല്ലെങ്കിൽ എന്തിനാണ് ഇപ്രകാരം കരാറുണ്ടാക്കിയതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി

346 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൂളിൽനിന്നും സംസ്ഥാനത്തിന് ഓരോ മാസവും ലഭ്യമാക്കുന്ന വൈദ്യുതിയുടെ 2011 മാർച്ച് മാസം മുതലുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) കേന്ദ്ര പൂളിൽനിന്നും ലഭ്യമാക്കുന്ന വൈദ്യുതിയുടെ അളവിൽ കുറവ് വന്നിട്ടുണ്ടോ ;

(സി) എങ്കിൽ ഈ കുറവ് പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>ഊർജ്ജ പ്രതിസന്ധി</u>

347 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആസൂത്രണത്തിലെ ഗുരുതരമായ പാളിച്ചകൾമൂലം വൈദ്യുതി ബോർഡ് വൻസാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) കേന്ദ്ര നിലയങ്ങളിൽ നിന്നും, സ്വകാര്യ വൈദ്യുതി നിലയങ്ങളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) കേന്ദ്രനിലയങ്ങളിൽ നിന്നും, സ്വകാര്യ നിലയങ്ങളിൽ നിന്നും വൈദ്യുതി ലഭ്യമാക്കിയ ഇനത്തിൽ ഇതിനകം എത്ര രൂപയാണ് ബോർഡ് മുടക്കിയതെന്ന് വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത ഇനത്തിൽ ഇനി എത്ര രൂപ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുത പ്രതിസന്ധി</u>

348 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇന്ന് നേരിടുന്ന വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനും ഊർജ്ജോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇനി എന്തെല്ലാം നടപടികൾ ഇതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**ഊർജ്ജ പ്രതിസന്ധി**

**349** **ശ്രീ. റ്റി. യു. കുരുവിള**
**,, മോൻസ് ജോസഫ്**
**,, തോമസ് ഉണ്ണിയാടൻ**
**,, സി. എഫ്. തോമസ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **വൈദ്യുതി പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;**

(ബി) **പാരമ്പര്യേതര ഊർജ്ജ സ്രോതസ്സും പുതിയ ജല വൈദ്യുത പദ്ധതികളും ആരംഭിച്ച് വൈദ്യുതി പ്രതിസന്ധി മറികടക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ഉൽപാദനത്തിലെ കുറവ്**

350 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദനത്തിൽ ഇപ്പോൾ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് വന്നിട്ടുള്ളത്;

(ബി) ഈ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുത സംരക്ഷണ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിന് നടപടി**

351 **ശ്രീ. എം.വി ശ്രേയാംസ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത സംരക്ഷണപ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(ബി) ഉപയോഗിക്കുന്ന സമയത്തിനനുസരിച്ച് വൈദ്യുതിക്ക് വില നിശ്ചയിക്കുന്ന സംവിധാനം വേണമെന്ന് റഗുലേറ്ററി കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതു മൂലം പീക്ക് അവറിൽ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിന് സാധിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പവർകട്ട്/ലോഡ്ഷെഡ്ഡിംഗ് പിൻവലിക്കാനുണ്ടായ സാഹചര്യം**

**352 ശ്രീ. എ.എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം പവർകട്ടോ, ലോഡ്ഷെഡ്ഡിംഗോ ഏർപ്പെടുത്തിയിരുന്നോ ; എങ്കിൽ എന്ന് മുതലാണ് ഇത് തുടങ്ങിയത് ;

(ബി) പവർകട്ട്/ലോഡ്ഷെഡ്ഡിംഗ് നടപ്പിലാക്കുന്നതിനുള്ള സാഹചര്യം എന്തായിരുന്നു ;

(സി) പവർകട്ട്/ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് പിൻവലിച്ചതെന്നും പിൻവലിക്കാനുണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി**

353 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഗാർഹിക ഉപഭോക്താക്കൾക്ക് എത്ര ദിവസം എത്ര സമയം വീതം ലോഡ്ഷെഡ്ഡിങ് ഏർപ്പെടുത്തിയിരുന്നു;

(ബി) സംസ്ഥാനത്തിന് ഇപ്പോൾ ശരാശരി എത്ര യൂണിറ്റ് വൈദ്യുതി ആവശ്യമുണ്ട്;

(സി) കേന്ദ്രപൂളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ലഭിക്കാൻ അർഹതയുണ്ട്;

(ഡി) അർഹതപ്പെട്ട അളവ് വൈദ്യുതി കേന്ദ്രപൂളിൽ നിന്നും ലഭിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

വൈദ്യുതി ഉല്പാദന പദ്ധതികളുടെ സ്ഥാപിത ശേഷി

354 ശ്രീ. എ. കെ. ബാലന്‍
,, ഇ. പി. ജയരാജന്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ നിലവിലുള്ള വൈദ്യുത ഉല്‍പ്പാദന പദ്ധതികളുടെ ആകെ സ്ഥാപിത ശേഷി എത്രയാണ് ;

(ബി) വിവിധ കേന്ദ്ര നിലയങ്ങളില്‍ നിന്നും ഇപ്പോള്‍ കേരളത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതിയുടെ അളവെത്രയാണ് ;

(സി) 12, 13 പഞ്ചവത്സര പദ്ധതി കാലയളവില്‍ കേരളത്തിന് വേണ്ടിവരുന്ന അധിക സ്ഥാപിതശേഷി എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(ഡി) ഈ അധിക സ്ഥാപിത ശേഷി കൂട്ടിച്ചേര്‍ക്കുന്നതിനുള്ള പദ്ധതികളുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(ഇ) പ്രകൃതി വാതകം അടിസ്ഥാനമാക്കിയുള്ള വൈദ്യുതി പദ്ധതികള്‍ 12-ാം പദ്ധതി കാലയളവില്‍ ആസൂത്രണം ചെയ്യേണ്ടതില്ലെന്ന കേന്ദ്ര ഗവണ്‍മെന്റിന്റെ നിര്‍ദ്ദേശം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കില്‍ താങ്ങാവുന്ന നിരക്കില്‍ കേരളത്തിന്റെ ഭാവി ആവശ്യകത നിറവേറ്റാനായി സാധ്യമാകുന്ന പദ്ധതികള്‍ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഊർജ്ജരംഗത്ത് സ്വയം പര്യാപ്തത**

355 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ രംഗത്ത് സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ജലവൈദ്യുത പദ്ധതികൾക്ക് പുറമെ മറ്റ് എന്തെല്ലാം സ്രോതസ്സുകളാണ് പുതിയ ഊർജ്ജോല്പാദത്തിനായി പരിഗണിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഊര്‍ജ്ജ ഉല്പാദനവും വിതരണവും**

356 **ശ്രീ. കെ. എം. ഷാജി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സംസ്ഥാനത്തെ പ്രതിദിന ഊര്‍ജ്ജ ഉല്പാദനവും വിതരണവും തമ്മിലെ അന്തരം എത്രയാണ്;**

(ബി) **പ്രതിദിന ഉപഭോഗത്തിലെ അന്തരം നികത്തുന്നത് ഏതുവിധത്തിലാണെന്ന് വ്യക്തമാക്കുമോ;**

(സി) **ഇപ്പോള്‍ വൈദ്യുതി മറ്റു സംസ്ഥാനങ്ങള്‍ക്ക് വില്ക്കുന്നുണ്ടോ; എങ്കില്‍ എത്ര അളവിലെന്നും, എന്തു വിലയ്ക്കാണെന്നും വിശദമാക്കുമോ;**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഡാമുകളിലെ ജലനിരപ്പും വൈദ്യുതി ഉല്പാദനവും**

**357** **ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ 1-ാം തീയതി, വൈദ്യുതോല്പാദനത്തിന് എത്രമാത്രം ജലമാണ് എല്ലാഡുമുകളിലുമായി ഉണ്ടായിരുന്നത്;

(ബി) കഴിഞ്ഞ വർഷം ഇതേ ദിവസം എത്ര ജലമുണ്ടായിരുന്നു;

(സി) എത്ര വൈദ്യുതിയാണ് ഇതുപയോഗിച്ച് ഉല്പാദിപ്പിക്കാവുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ഉപയോഗം എത്രയാണ്?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ബോർഡിന്റെ സ്ഥലത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

358 **ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കളത്തൂർ ഗ്രാമപഞ്ചായത്തിലെ എടക്കരയിൽ വൈദ്യുതി ബോർഡിന്റെ കൈവശമുള്ള സ്ഥലത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ബോർഡിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈക്കാര്യത്തിൽ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>ഊർജ്ജമേഖലയിലെ അറ്റകുറ്റപ്പണികളും വികസന പ്രവർത്തനങ്ങളും</u>

359

### ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഊർജ്ജമേഖലയിലെ വികസനപ്രവർത്തനങ്ങൾക്കും, അറ്റകുറ്റപ്പണികൾക്കും പണം ചെലവിടുന്നത് നിർത്തിവച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ മേഖലയിൽ ഏതെല്ലാം വികസനപ്രവർത്തനങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുമായി എന്തു തുക ചെലവഴിച്ചെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

വൈദ്യുത ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

360 ശ്രീ. സി ദിവാകരൻ
,, ജി. എസ്. ജയലാൽ
,, കെ. രാജു
ശ്രീമതി ഇ. എസ്. ബിജി മോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നിലയങ്ങളിൽ നിന്നടക്കം വൈദ്യുതി വാങ്ങിയ ഇനത്തിൽ എന്തു തുക വൈദ്യുത ബോർഡിനു കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധി മൂലം വികസന പ്രവർത്തനങ്ങളും അറ്റകുറ്റ പണികളും നിറുത്തി വയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇതോടനുബന്ധിച്ച് മറ്റേതെല്ലാം പ്രവർത്തനങ്ങൾക്ക് ധനവിഭാഗം വിലക്കേർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ബോർഡിന്റെ കടം ലഘൂകരിക്കുവാൻ നടപടികൾ**

**361** **ശ്രീമതി കെ.എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലുള്ള ആസ്തി എത്രയെന്നും കടബാധ്യത എത്രയെന്നും വിശദമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.യുടെ കടം ലഘൂകരിക്കുവാൻ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് വായ്പ എടുത്തിട്ടുള്ളതെന്നും ആയത് എത്ര കോടി രൂപ വീതമാണെന്നും ഓരോ സ്ഥാപനത്തിനും പലിശയിനത്തിൽ പ്രതിമാസം ബോർഡ് അടയ്ക്കേണ്ട തുക എത്രയെന്നും വിശദമാക്കുമോ;

(സി) ഇപ്പോൾ ബോർഡിന് വന്നിട്ടുള്ള കടം ലഘൂകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി കുടിശ്ശിക</u>

362 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2012 മെയ് 31 വരെ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക എത്ര കോടി രൂപയാണ് ;

(ബി) അതിൽ സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക തുക എത്ര കോടി രൂപയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ എത്ര കോടി രൂപ കുടിശ്ശിക വരുത്തിയെന്നും ആയത് ഇപ്പോൾ എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ വർദ്ധിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരമുള്ള കുടിശ്ശിക പിരിച്ചെടുക്കാതെ നഷ്ടത്തിന്റെ പേരിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>വൈദ്യുത ബോർഡിന്റെ കടബാധ്യതയും കുടിശ്ശികയും</u>**

363 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാന വൈദ്യുത ബോർഡിന്റെ കടബാധ്യതകൾ വ്യക്തമാക്കാമോ;**

(ബി) **വൈദ്യുതി, വാണിജ്യാവശ്യത്തിനു വിറ്റവകയിൽ എത്ര കോടി രൂപ ബോർഡിനു ലഭിക്കാനുണ്ട്;**

(സി) **കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്; വിശദമാക്കാമോ?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സര്‍ക്കാര്‍ സ്ഥാപനങ്ങള്‍ വരുത്തിയ വൈദ്യുതി കുടിശ്ശിക**

**364** **ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വിവിധ സര്‍ക്കാര്‍ സ്ഥാപനങ്ങള്‍ കെ.എസ്.ഇ.ബി.ക്ക് വൈദ്യുതി ചാര്‍ജ് കുടിശ്ശിക ഇനത്തില്‍ നല്‍കാനുള്ള തുക എത്രയാണ്;

(ബി) കുടിശ്ശിക ഏറ്റവും കൂടുതല്‍ വരുത്തിയിട്ടുള്ള സ്ഥാപനങ്ങള്‍ ഏതെല്ലാമെന്നും തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക ഈടാക്കാന്‍ കൈക്കൊണ്ട നടപടികള്‍ എന്തെല്ലാമാണ്;

(ഡി) സര്‍ക്കാര്‍ ആഫീസുകളിലെ അമിത വൈദ്യുതി ഉപയോഗവും വൈദ്യുതി പാഴ്ചെലവും നിയന്ത്രിക്കാന്‍ കെ.എസ്.ഇ.ബി. മുന്‍കൈ എടുത്തു നടത്തുന്ന പരിശ്രമങ്ങള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി കുടിശ്ശിക**

365 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകൾ, സ്വകാര്യ സംരംഭകർ, പൊതുമേഖലാ സ്ഥാപനങ്ങൾ, അന്യസംസ്ഥാനങ്ങൾ, മൊബൈൽ കമ്പനികൾ, മിൽമ എന്നിവരിൽ നിന്നും കെ.എസ്.ഇ.ബി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ള തുകയുടെ കണക്കുകൾ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതുവരെയായി കുടിശ്ശിക പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### വൈദ്യുതി ബോർഡിലെ ജീവനക്കാർ

366 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ഓരോ തസ്തികയിലും എത്ര ജീവനക്കാർ വീതമാണുള്ളത്; ഇതിൽ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ വീതമാണുള്ളത്;

(ബി) സാങ്കേതിക വിദഗ്ദ്ധരായ എത്ര ഉദ്യോഗസ്ഥർ ദീർഘകാല അവധി നേടി കേരളത്തിനു വെളിയിൽ സേവനം നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

വൈദ്യുതി ഉപഭോക്താ,ക്കളും എസ്..എം.എസ്. സംവിധാനവും

367 ശ്രീ. വി. ഡി. സതീശൻ
'' ജോസഫ് വാഴക്കൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി തകരാറുകളെക്കുറിച്ച് പരാതികൾ ബോധിപ്പിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണുള്ളത് ;

(ബി) ഇതിനായി തുടങ്ങിയ എസ്.എം.എസ്. സംവിധാനം എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട് ;

(സി) ഈ സംവിധാനം സംസ്ഥാനം മുഴുവനും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>മൂഴിയാർ ജനറേറ്ററിലെ പൊട്ടിത്തെറി</u>

368 ശ്രീ. കെ.കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൂഴിയാറിലെ ജനറേറ്റർ പൊട്ടിത്തെറിക്കുകയും രണ്ട് പേർ മരിക്കുകയും ചെയ്തത് സംബന്ധിച്ച് അന്നത്തെ സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിരുന്നോ; എങ്കിൽ റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

(ബി) മൂഴിയാറിലെ ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ ഏത് സ്ഥാപനത്തെയാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഏൽപ്പിച്ചിരുക്കുന്നത്; അവർക്ക് ഓരോ ജനറേറ്റകൾക്കും നിശ്ചയിച്ചിരുന്ന തുക എത്ര വീതമായിരുന്നു;

(സി) ജനറേറ്ററുകൾക്കും പെൻസ്റ്റോക്ക് പൈപ്പുകൾക്കുമുള്ള ഇൻഷൂറൻസ് തുക ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ഇൻഷുറൻസ് തുക യഥാസമയം ആവശ്യപ്പെടാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു; ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) തുക ഈടാക്കാനുള്ള നടപടി യഥാസമയം സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഓപ്പറേറ്റർ ഇല്ലാത്ത 33 കെ.വി. സബ്സ്റ്റേഷൻ**

**369**

**ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഓപ്പറേറ്റർ ഇല്ലാത്ത 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;**

(ബി) **അത്തരം സബ്സ്റ്റേഷൻ ഇതിനകം എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട്; ഇതിന്റെ സവിശേഷതകൾ എന്തെന്ന് വിശദമാക്കുമോ ?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി യിലെ ചീഫ് ഇന്റേണൽ ഓഡിറ്റർ നിയമനം</u>

370 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യിലെ ചീഫ് ഇന്റേണൽ ഓഡിറ്റർ തസ്തികയിലെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂളോ, സർക്കാർ ഉത്തരവോ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) നിലവിൽ ഈ തസ്തികയിൽ സ്ഥിരനിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത്കൊണ്ടാണ് വ്യക്തമാക്കുമോ; നടത്തിയിട്ടുണ്ടെങ്കിൽ പ്രമോഷൻ, ഡെപ്യൂട്ടേഷൻ, നേരിട്ടുള്ള നിയമനം ഇതിൽ ഏത് മാർഗ്ഗം വഴിയായിരുന്നു നിയമനം;

(സി) ബോർഡിലെ സീനിയർ എ.ഒ, തസ്തികയുടെ പ്രമോഷൻ തസ്തിക ഏതാണ്; ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ തസ്തികയിൽ പ്രമോഷൻ വഴി നിയമനം നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>മേഖലാ മീറ്റർ ടെസ്റ്റിംങ് ലാബുകൾ</u>

371 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മേഖലാ മീറ്റർ ടെസ്റ്റിംങ് ലാബുകൾ നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ലാബട്ടറീസ് നിലവാരത്തിലേക്ക് അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നല്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>വൈദ്യുതി മീറ്ററുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കൽ</u>**

**372 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011 മെയ് മുതൽ നാളിതുവരെയായി എത്ര വൈദ്യുതി മീറ്ററുകളാണ് പ്രവർത്തനരഹിതമായിട്ടുളളത്;

(ബി) നാളിതുവരെയായി ഇതിൽ എത്ര മീറ്ററുകൾ മാറ്റി നൽകാൻ കഴിഞ്ഞു;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വൈദ്യുതി ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുണ്ട്;

(ഡി) നിലവിൽ എത്ര വൈദ്യുതി ട്രാൻസ്ഫോർമറുകൾ ആവശ്യമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത ട്രാൻസ്ഫോർമറുകൾ എന്ന് വാങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഓൺലൈൻ ലൈസൻസിംഗ്**

**373 ശ്രീ. എ.കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ സൂപ്പർവൈസർ ലൈസൻസിന് ഓൺലൈനായി അപേക്ഷിക്കുവാൻ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് ഈ സംവിധാനം ഏർപ്പെടുത്തിയത്; എത്ര പേർ ലൈസൻസിന് ഓൺലൈനായി അപേക്ഷിച്ചു; എത്ര പേർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### മോഡൽ സെക്ഷൻ പരിഷ്കാരങ്ങൾ

374 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നടപ്പാക്കിയ മോഡൽ സെക്ഷൻ പരിഷ്ക്കാരങ്ങളിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രധാനപ്പെട്ട അപാകതകൾ എന്തെല്ലാമാണ്;

(ബി) അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ കെ.എസ്.ഇ.ബി സെക്ഷനാഫീസ്**

375 **ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ കെ.എസ്.ഇ.ബി സെക്ഷനാഫീസ് അനുവദിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>വക്കം ഇലക്ട്രിസിറ്റി ഓഫീസിന്റെ പ്രവര്‍ത്തനം</u>

376 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വക്കം ഇലക്ട്രിസിറ്റി സെക്ഷന്‍ ഓഫീസിന് കീഴില്‍ കവലയൂരില്‍ പ്രവര്‍ത്തിച്ചിരുന്ന സബ് എഞ്ചിനീയര്‍ ഓഫീസ് ഓവര്‍സീയര്‍ ഓഫീസാക്കി മാറ്റിയതും പ്രവര്‍ത്തന സമയം വെട്ടിച്ചുരുക്കിയതും ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ജനങ്ങള്‍ക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാകുന്നത് പരിഗണിച്ച് പ്രസ്തുത ഓഫീസിനെ 24 മണിക്കൂര്‍ പ്രവര്‍ത്തിക്കുന്ന സബ് എഞ്ചിനീയര്‍ ഓഫീസാക്കി മാറ്റുവാനുള്ള നടപടികള്‍ സ്വീകരിക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കോവൂർ സെക്ഷൻ വിഭജനം**

377 ശ്രീ. പി. ടി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോവൂർ സെക്ഷൻ വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമാക്കി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് തുടങ്ങുന്ന കാര്യം വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എപ്പോൾ ഇത് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### പരവൂർ സബ്സ്റ്റേഷൻ

378

**ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പരവൂരിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള 33 കെ.വി. സബ്സ്റ്റേഷന്റെയും അനുബന്ധ ജോലികളുടെയും പ്രവർത്തന പുരോഗതി അറിയിക്കുമോ;**

(ബി) **സബ്സ്റ്റേഷൻ നിർമ്മാണ ജോലികൾ രണ്ടുവർഷം മുൻപ് ആരംഭിച്ചുവെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(സി) **എങ്കിൽ എത്രയും പെട്ടെന്ന് നിർമ്മാണം പൂർത്തീകരിച്ച് സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എന്ന് ഉദ്ഘാടനം നിർവ്വഹിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന**

**379 ശ്രീ. എം. വി. ശ്രേയാംസ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) നിലവിലുള്ളത് ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(സി) നടപ്പു വർഷം പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ താലൂക്ക്തല വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ആർ. ജി. ജി. വി.വൈ**

380 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ആർ. ജി. ജി. വി.വൈ ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതു പ്രകാരം എത്ര വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്; ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നയിറിക്കുമോ ?

**കേരള നിയമസഭ**

**12.06.2012 -ലെ മറുപടിക്ക്**

**ആര്‍. ജി. ജി. വൈ. പ്രകാരം കാസര്‍ഗോഡ് ജില്ലയിലെ വൈദ്യുതീകരണം**

381 **ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യത്തിന്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

**ആര്‍. ജി. ജി.വൈ പദ്ധതി പ്രകാരം കാസര്‍ഗോഡ് ജില്ലയില്‍ എത്ര പ്രദേശങ്ങളാണ് വൈദ്യുതീകരിച്ചിട്ടുളളതെന്നും ഇനി എത്ര പ്രദേശങ്ങള്‍ വൈദ്യുതീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>**

**382 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഇതിനകം ഈ മണ്ഡലത്തിൽ എത്ര പഞ്ചായത്തുകളിലെ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, എം. എൽ. എ. ഫണ്ട്, ബോർഡ് വിഹിതം, തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം എന്നീ ക്രമത്തിൽ അറിയിക്കാമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതിവല്‍ക്കരണ നടപടികള്‍**

383 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം വൈദ്യുതിവല്‍ക്കരണ
നടപടികള്‍ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി എത്ര ഗാര്‍ഹിക കണക്ഷനുകള്‍ നല്‍കാന്‍ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അംഗീകാരത്തോടെയുള്ള കെട്ടിട നിര്‍മ്മാണത്തിന് ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിന് കണക്ഷന്‍ നല്‍കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ**

384 **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം വരെ പുതിയ വൈദ്യുതി കണക്ഷനുള്ള എത്ര അപേക്ഷകൾ ബാക്കിയുണ്ടായിരുന്നു; കാറ്റഗറി, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് പുതിയ കണക്ഷൻ നൽകി, കാറ്റഗറി, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2011 മേയ് മാസത്തിനുശേഷം പുതിയ വൈദ്യുതി കണക്ഷനുള്ള എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര അപേക്ഷകർക്ക് പുതിയ കണക്ഷൻ നൽകി; വിശദമായ കണക്ക്, കാറ്റഗറി, ജില്ല എന്നിവ തിരിച്ച് നൽകുമോ;

(ഡി) 2006 മേയ് മാസത്തിൽ വൈദ്യുതി കണക്ഷനുള്ള എത്ര അപേക്ഷകളാണ് കുടിശ്ശികയുണ്ടായിരുന്നത്; കാറ്റഗറി, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി കണക്ഷന്‍**

**385** **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി കണക്ഷന്‍ നല്‍കുന്നതിന്റെ ചെലവ് ഉപഭോക്താക്കളില്‍നിന്ന് ഈടാക്കണമെന്ന് നിര്‍ദ്ദേശിച്ച് കെ. എസ്. ഇ.ബി ഉത്തരവിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കില്‍ ഉത്തരവിന്റെ പകര്‍പ്പ് മേശപ്പുറത്തു വയ്ക്കുമോ ; പ്രസ്തുത ഉത്തരവ് ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ളവര്‍ക്കും ദുര്‍ബല വിഭാഗങ്ങള്‍ക്കും ഉണ്ടാക്കുന്ന സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി കണക്ഷന് വികലാംഗര്‍ അര്‍ബുദരോഗികള്‍, ജവന്മാര്‍ എന്നിവര്‍ക്ക് ലഭിച്ചിരുന്ന മുന്‍ഗണന ഇപ്പോള്‍ നിലവിലുണ്ടോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

386 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ വർഷം ഏതെല്ലാം പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) പാവപ്പെട്ടവർക്കും, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുമുള്ള കുടിൽ ജ്യോതി പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം**

**387 ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആർ. ജി. ജി. ഇ. വൈ. പദ്ധതിപ്രകാരമുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ മലപ്പുറം ജില്ലയിൽ ഇപ്പോൾ നടന്നുവരുന്നുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾ വളരെ മന്ദഗതിയിലാണ് നടക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**തവന്നൂർ നിയോജക മണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ**

**388 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തവന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി കണക്ഷനുവേണ്ടി പണമടച്ച് കാത്തിരിക്കുന്ന എത്ര അപേക്ഷകർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് മാസം വരെ സി. ഡി. അടച്ച ആളുകൾക്കാണ് വൈദ്യുതി കണക്ഷൻ നൽകിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**തവനൂരിൽ പുതുതായി നൽകിയ ഗാർഹിക കണക്ഷനുകൾ**

389

**ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം തവനൂരിൽ പുതുതായി എത്ര ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഏതെല്ലാം പദ്ധതികളിൽ നിന്നാണ് തുക ലഭിച്ചത് എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### വൈദ്യുതി നിരക്ക് വര്‍ദ്ധന

390 **ശ്രീ. കെ. രാധാകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം വൈദ്യുതി ചാര്‍ജ് വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് വൈദ്യുതി ചാര്‍ജ് വര്‍ദ്ധിപ്പിക്കാനുണ്ടായ സാഹചര്യങ്ങള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി നിരക്ക് വർദ്ധന</u>

391 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

2011 മേയ് മാസത്തിന് ശേഷം എത്ര പ്രാവശ്യം വൈദ്യുതി സർചാർജ്, വൈദ്യുതിചാർജ് എന്നിവയിൽ വർദ്ധന വരുത്തി; വർദ്ധനവിന്റെ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>നഗരപ്രദേശങ്ങളിലെ വൈദ്യുതി വിതരണം</u>

392 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ വൈദ്യുതി വിതരണം അണ്ടർ ഗ്രൗണ്ട് കേബിൾ വഴിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി മുനിസിപ്പാലിറ്റികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) കുന്നംകുളം നഗരസഭയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി ഉല്പാദനവും ഉപഭോഗവും</u>

393 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉൽപ്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും കണക്ക് ലഭ്യമാക്കുമോ;

(ബി) അതിൽ ജലവൈദ്യുതി, താപവൈദ്യുതി, കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി ഇതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി എന്നിവ ശരാശരി പ്രതിദിനം എത്ര മെഗാവാട്ട് വീതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>എനിവേയർ പേയ്മെന്റ് ഫെസിലിറ്റി</u>

**394 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തി ഉപഭോക്താക്കൾക്ക് എനിവേയർ പേയ്മെന്റ് ഫെസിലിറ്റി നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വൈദ്യുതി ഉപഭോക്താക്കൾക്ക് ഇന്റർനെറ്റ് വഴിയുള്ള ബിൽ പേയ്മെന്റ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് നിലവിലുള്ളത്; ഇല്ലെങ്കിൽ ഈ സംവിധാനം എന്നത്തേക്ക് നടപ്പിലാക്കാനാവുമെന്നും എവിടെയെല്ലാം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### പവര്‍ക്കട്ടും ലോഡ്ഷെഡ്ഡിംഗും

395 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് പവര്‍ക്കട്ടും ലോഡ്ഷെഡ്ഡിംഗും ഏര്‍പ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കില്‍ ഏതെല്ലാം സന്ദര്‍ഭങ്ങളില്‍ എത്ര ദിവസമായിരുന്നു ലോഡ് ഷെഡ്ഡിംഗ് ഏര്‍പ്പെടുത്തിയിരുന്നതെന്ന് വിശദമാക്കുമോ ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഇതുവരെ എത്ര ദിവസം പവര്‍ക്കട്ടും ലോഡ്ഷെഡ്ഡിംഗും ഏര്‍പ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതി ഉപഭോഗം**

**396 ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മുതൽ 2012 മാർച്ച് വരെ സംസ്ഥാനത്ത് ഓരോ മാസവും എത്ര മെഗാവാട്ട് വൈദ്യുതി വീതമാണ് ഉപയോഗിച്ചത് ; വ്യക്തമാക്കാമോ ;

(ബി) ഇതിൽ കേന്ദ്ര പൂളിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി കേരളത്തിന് ലഭിച്ചു ;

(സി) ലോഡ് ഷെഡിംഗിലൂടെ വൈദ്യുതിയുടെ ഉപയോഗം എത്രകണ്ട് കുറക്കാനായി ;

(ഡി) ഈ വർഷം ലോഡ് ഷെഡിംഗ് ഏർപ്പെടുത്തേണ്ടി വരുമോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>**

**397 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ഉപയോക്താക്കളിൽനിന്നും സർചാർജ്ജായി എന്തു തുക ഇതിനകം ഈടാക്കിയിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനായി വൈദ്യുതിബോർഡ് എന്തെങ്കിലും നിർദ്ദേശങ്ങൾ വൈദ്യുതി റഗുലേറ്ററി കമ്മീഷനു മുന്നിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചത്; വിശദമാക്കാമോ;

(ഡി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം നിലയിലുളള വർദ്ധനവാണ് വരുത്താനുദ്ദേശിക്കുന്നതെന്നും എന്ന് ഇത് നിലവിൽ വരികയെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ബചത്ത് ലാമ്പ് യോജന**

398 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബചത്ത് ലാമ്പ് യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) സംസ്ഥാനത്ത് ഈ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**മാലിന്യത്തില്‍ നിന്നും വൈദ്യുതി**

399 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവന്‍
,, പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മാലിന്യത്തില്‍ നിന്നും വാണിജ്യാടിസ്ഥാനത്തില്‍ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നല്‍കാമോ ;

(ബി) ഇക്കാര്യത്തില്‍ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി പഠനം നടത്താന്‍ ആരെയെങ്കിലും ചുമതലപ്പെടുത്തുമോ;

(ഡി) കേന്ദ്ര സര്‍ക്കാരിന്റെ സഹായം ലഭ്യമാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### ബയോ-മാസ്സ് എനർജി പ്രൊഡക്ഷൻ

400 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ നഗരങ്ങളിലും ബയോ-മാസ്സ് എനർജി പ്രൊഡക്ഷൻ യൂണിറ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം നഗരങ്ങളിൽ ഈ യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ യൂണിറ്റുകളും ആരംഭിക്കുന്നതിനുണ്ടായ സാമ്പത്തിക ചെലവ് എത്രയാണ് ഇതിനാവശ്യമായ തുക എവിടെ നിന്നാണ് കണ്ടെത്തിയത്; വിശദമാക്കാമോ;

(സി) ഇത്തരം യൂണിറ്റുകൾ പട്ടണങ്ങളിലും പട്ടണ സ്വഭാവമുള്ള ഗ്രാമങ്ങളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സൗരഗൃഹ പദ്ധതി**

401 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സൗരഗൃഹപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങളും പുരോഗതിയും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്റർനാഷണൽ കോൺഫറൻസിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പുനരാവിഷ്കൃത ത്വരിത ഊർജ്ജ വികസന നവീകരണ പരിപാടി**

402 **ശ്രീ. മുല്ലക്കര രത്നാകരൻ**
**,, കെ. അജിത്**
**ശ്രീമതി. ഗീതാ ഗോപി**
**ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണം മെച്ചപ്പെടുത്താനും പ്രസരണ നഷ്ടം കുറയ്ക്കാനുമുളള ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പുനരാവിഷ്കൃത ത്വരിത ഊർജ്ജ വികസന നവീകരണ പരിപാടി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുളള നടപടികൾ ആരംഭിച്ചതെന്നാണ്;

(സി) ഈ പദ്ധതി യഥാസമയം നടപ്പാക്കാൻ കഴിയാതെ പോയതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ വൈദ്യുതി പ്രസരണ-വിതരണ രംഗത്ത് എന്തെല്ലാം നേട്ടമുണ്ടാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തു സഹായം ലഭിച്ചിട്ടുണ്ട് ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പ്രകൃതി വാതക വിതരണത്തിന്**
**സംയുക്ത സംരംഭം**

403 ശ്രീ. പാലോട് രവി
,, എം. പി. വിന്‍സെന്റ്
,, റ്റി.എന്‍ പ്രതാപന്‍
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പു മന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി വാതക വിതരണത്തിന് സംയുക്ത സംരംഭം ആരംഭിച്ചിട്ടുണ്ടോ; എങ്കില്‍ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംരംഭം നടപ്പാക്കുന്നതിനുള്ള നോഡല്‍ ഏജന്‍സി ഏതാണ് ;

(സി) ഏതെല്ലാം കമ്പനികളുമായി ചേര്‍ന്നാണ് ഇത് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതിക്ഷാമം പരിഹരിക്കാൻ സൗരോർജ്ജ വിളക്കുകൾ**

404 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സൗരോർജ്ജ വിളക്കുകൾ സൗജന്യമായി നൽകി വൈദ്യുതി ലാഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വര്‍ദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗം**

405 **ശ്രീ. കെ. ദാസന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വര്‍ദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗം കുറയ്ക്കാന്‍ ആവിഷ്കരിച്ചിട്ടുള്ള ദീര്‍ഘകാല പദ്ധതികള്‍ ഏതെല്ലാമാണ് എന്ന് വിശദീകരിക്കാമോ; ഇവയില്‍ ഏതെല്ലാം പദ്ധതികള്‍ ആരംഭിച്ചു എന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികള്‍ക്ക് ഓരോന്നിനും ബഡ്ജറ്റില്‍ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനം നേരിടുന്ന വൈദ്യുതി കമ്മി പരിഹരിക്കുന്നതിന് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികള്‍ ഏതെല്ലാമെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വൈദ്യുതാഘാതമേറ്റ് മരണമടയുന്നവരുടെ കുടുംബങ്ങള്‍ക്ക് ധനസഹായം**

406

**ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ലൈനുകള്‍, ഡൊമസ്റ്റിക് കണക്ഷനുകള്‍, നെറ്റ് വര്‍ക്ക് കേബിളുകള്‍ എന്നിവയില്‍ നിന്നും വൈദ്യുതാഘാതമേറ്റ് വൈദ്യുതത്തൊഴിലാളികളും സാധാരണക്കാരും മരണമടയുന്ന സംഭവങ്ങള്‍ വര്‍ദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുണ്ടാകുന്ന അപകടങ്ങള്‍ തടയാനും, ജീവഹാനി ഒഴിവാക്കാനും ഉപകരിക്കുന്ന ആധുനിക ഉപകരണങ്ങള്‍ ഉപയോഗപ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റതിനു ശേഷം ഇത്തരത്തില്‍ എത്ര പേര്‍ മരണപ്പെട്ടിട്ടുണ്ട്; ഇത്തരത്തില്‍ മരണപ്പെടുന്നവരുടെ എല്ലാ കുടുംബത്തിനും ധനസഹായം നല്‍കിയോ; ഓരോ കുടുംബത്തിനും നല്‍കിയ ധനസഹായം എത്ര വീതമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>വൈദ്യുതി നിരക്ക് വര്‍ദ്ധനയും ഗാര്‍ഹിക ഉപഭോക്താക്കളും</u>**

407 **ശ്രീ. എം. ചന്ദ്രന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി നിരക്ക് വര്‍ദ്ധന നടപ്പില്‍ വരുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) യൂണിറ്റിന് എത്ര രൂപയാണ് വര്‍ദ്ധിപ്പിക്കുവാന്‍ ഉദ്ദേശിക്കുന്നത്;

(സി) ഗാര്‍ഹിക ഉപഭോക്താക്കളെ നിരക്കുവര്‍ദ്ധനയില്‍ നിന്നും ഒഴിവാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ എത്ര യൂണിറ്റ് വരെ ഉപയോഗിക്കുന്നവരെയാണ് ഒഴിവാക്കുന്നത്?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് നടപടി**

408 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, ബെന്നി ബെഹനാൻ
എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) എനർജി സേവിംഗ് നടപടികൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ</u>**

**409** **ശ്രീ. കെ. എം. ഷാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിവരുന്നുണ്ടോ;

(ബി) ഇതുപ്രകാരം കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷവും എത്ര പ്ലാന്റുകൾ ഇതുവരേയും സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി ഗുണഭോക്താക്കൾക്ക് വാഗ്ദാനം ചെയ്തിരുന്ന സബ്സിഡി നിരക്ക് വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ സ്ഥാപിച്ച പ്ലാന്റുകളുടെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ;

(ഇ) പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളവർക്കെല്ലാം സബ്സിഡി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ അത് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ജൈവദ്രവ്യ ഊർജ്ജ ഉത്പാദന യൂണിറ്റുകൾ**

410 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപ്രകാരം ഏതെല്ലാം നഗരങ്ങളിൽ ജൈവദ്രവ്യ ഊർജ്ജ ഉത്പാദന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; ആയവയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ഇതുസംബന്ധമായി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശവും അറിയിക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

''സോളാർ ഫോട്ടോ വോൾടെയ്ക്ക് ഇൻവെർട്ടേഴ്സ്''

411 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ''സോളാർ ഫോട്ടോ വോൾടെയ്ക്ക് ഇൻവെർട്ടേഴ്സ് പീക്ക്ലോഡ് കുറയ്ക്കുന്നതിനുവേണ്ടി സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാരിന്റെ കാലത്ത് എവിടെയല്ലാം സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ടി എന്തു തുക കഴിഞ്ഞ സാമ്പത്തിക വർഷം ചിലവാക്കിയെന്നും ഏത് സ്രോതസ്സിൽ നിന്നാണ് തുക കണ്ടെത്തിയതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ കെ. എസ്. ഇ. ബി. കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>ട്രെയിൻ യാത്രക്കാരുടെ സുരക്ഷ</u>

412 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ചേര്‍ത്തല ആട്ടോകാസ്റ്റ് റെയില്‍വേ ബോഗി നിര്‍മ്മാണ യൂണിറ്റ്**

**413 ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 2007-ല്‍ റെയില്‍വേ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച ചേര്‍ത്തല ആട്ടോകാസ്റ്റ് റെയില്‍വേ ബോഗി നിര്‍മ്മാണ യൂണിറ്റ് റെയില്‍വേ കൈവിടുന്നുവെന്ന വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടുട്ടുണ്ടോ;
ഇതു സംബന്ധിച്ച എന്തെങ്കിലും അറിയിപ്പ് സംസ്ഥാന സര്‍ക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ആട്ടോകാസ്റ്റ് റെയില്‍വേ ബോഗി നിര്‍മ്മാണ യൂണിറ്റ് വീണ്ടുകിട്ടുന്നതിന് സംസ്ഥാന സര്‍ക്കാര്‍ എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ;

(സി) പ്രസ്തുത യൂണിറ്റ് വീണ്ടുകിട്ടുന്നതിന് വേണ്ടി സംസ്ഥാന സര്‍ക്കാര്‍ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 12.06.2012 -ലെ മറുപടിക്ക്

### ബുള്ളറ്റ് ട്രെയിൻ

414 ശ്രീ. കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബുള്ളറ്റ് ട്രെയിൻ തുടങ്ങാനുള്ള സാദ്ധ്യതാ പഠനം നടത്തുന്നത് ആരാണ്;

(ബി) ഈ പദ്ധതിക്കുള്ള പണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ;

(സി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**മോണോ റെയിൽ**

415 ശ്രീ. എ. റ്റി. ജോര്‍ജ്
,, ജോസഫ് വാഴക്കന്‍
,, സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തലസ്ഥാനത്ത് മോണോറെയില്‍ നടപ്പാക്കുവാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതിയുടെ സാദ്ധ്യതാപഠന റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ;

(സി) സാദ്ധ്യതാ പഠന റിപ്പോര്‍ട്ടിലെ വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(ഡി) ഇതിന്മേല്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് മോണോറെയിൽ പദ്ധതി**

T 416 ശ്രീ. പി. റ്റി.എ . റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മോണോറെയിൽ പദ്ധതിയിൽ എൻ.ഐ.ടി. (ചകം) സി.ഡബ്ല്യു.ആർ.ഡി.എം, ഐ.ഐ.എം തുടങ്ങിയ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന എഡ്യുക്കേഷണൽ ഹബ്ബ് കുന്ദമംഗലത്തേക്ക് നീട്ടുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ കാര്യം കൂടി പഠനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>രാജ്യറാണി എക്സ്പ്രസ്സിനു അധിക ബോഗി</u>

417 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ റോഡ് - തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സെൻട്രൽ - നിലമ്പൂർ റോഡ് എന്നീ റൂട്ടുകളിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സിൽ അധിക ബോഗി അനുവദിക്കണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സത്വര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ചാലക്കുടിയിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ്**

418 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അനുകൂലമായ എന്തു നടപടി ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട് എന്നു വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഗതാഗതനയം**

419 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗതനയം രൂപീകരിക്കുന്നുണ്ടോ;

(ബി) ഇതിനായി നാറ്റ്പാക്ക് എന്തെല്ലാം പഠനം നടത്തിയിട്ടുണ്ട്;

(സി) പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണ്?

# കേരള നിയമസഭ

## 12.06.2012 -ലെ മറുപടിക്ക്

**റോഡ് സുരക്ഷാ ബോധവല്‍ക്കരണം**

**420** **ശ്രീ. കെ. അച്ചുതന്‍**
**,, അന്‍വര്‍ സാദത്ത്**
**,, ഐ. സി. ബാലകൃഷ്ണന്‍**
**,, ഡൊമിനിക് പ്രസന്റേഷന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) റോഡപകടങ്ങള്‍ ഒഴിവാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഒരു കര്‍മ്മപദ്ധതിയ്ക്ക് രൂപം നല്‍കുമോ ; വിശദമാക്കുമോ ;

(സി) റോഡ് സുരക്ഷാ ബോധവല്‍ക്കരണ പരിപാടികള്‍ ഊര്‍ജ്ജിതപ്പെടുത്തുവാന്‍ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതില്‍ സ്റ്റുഡന്‍സ് പോലീസ് കേഡറ്റുകള്‍, സന്നദ്ധ സംഘടനകള്‍ മുതലായവരുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**റോഡപകടങ്ങളിൽ ഇരുചക്ര വാഹനങ്ങളുടെ പങ്ക്**

**421 ശ്രീ. എൻ. ഷംസുദ്ദീൻ**
**,, പി. ബി. അബ്ദുൾ റസാക്**
**,, വി. എം. ഉമ്മർ മാസ്റ്റർ**
**,, എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ ഇരുചക്ര വാഹനങ്ങളുടെ പങ്ക് കൂടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡപകടങ്ങളിൽ മരണമടയുന്നവരിൽ കൂടുതലും ഇരുചക്ര വാഹന യാത്രക്കാരാണെന്ന കാര്യം പരിശോധനാ വിഷയമാക്കിയിട്ടുണ്ടോ ;

(സി) ഇരുചക്ര വാഹനങ്ങളുടെ പരമാവധി വേഗത മണിക്കൂറിൽ നൂറും നൂറ്റമ്പതും കിലോമീറ്റർ ആയിരിക്കുന്ന സാഹചര്യത്തിൽ വേഗത നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ അപ്രായോഗികതയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) റോഡുകളിൽ വേഗത നിയന്ത്രിക്കുന്നതിനു പകരം ഇരുചക്ര വാഹനങ്ങളുടെ വേഗത നിർമ്മാണഘട്ടത്തിൽ തന്നെ പരമാവധി അറുപതു കിലോമീറ്ററാക്കി ക്രമപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റി</u>

422 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന റോഡ് അപകട നിരക്ക് കുറച്ചുകൊണ്ടുവരാൻ റോഡ് സേഫ്റ്റി അതോറിറ്റി ഏതെല്ലാം തരത്തിലുള്ള ഇടപെടലുകൾ നടത്താനാണ് ലക്ഷ്യമിടുന്നത്;

(സി) ഇതര സംസ്ഥാനങ്ങളിലെ റോഡ് സേഫ്റ്റി സംവിധനങ്ങളെന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നല്കാമോ;

(ഡി) അതോറിറ്റിക്കായി 2011-12 വർഷത്തിൽ എന്തു തുക ചെലവായി; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>പുതിയ റൂട്ടുകളും കെ.എസ്.ആർ.ടി.സി യുടെ നഷ്ടവും</u>**

**423 ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യെ നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ റൂട്ടുകൾ അനുവദിയ്ക്കുന്നതിന് നിലവിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ;

(സി) പുതുതായി എന്തെങ്കിലും മാനദണ്ഡങ്ങൾ കൊണ്ട് വരുന്നതിന് ഉദ്ദേശമുണ്ടോ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. പുതുതായി നിരത്തിലിറക്കുന്ന ബസ്സുകൾ</u>

424 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഈവർഷം പുതുതായി എത്ര ബസുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) പുതിയ ലോ-ഫ്ളോർ ബസുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കൂടുതൽ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി ബസുകൾ ഓടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എത് ജില്ലയിലാണ് കൂടുതൽ ബസുകൾ സർവീസ് നടത്തുന്നത്; അവ എത്രയെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ ബസുകൾ</u>

425 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസുകളാണ് നിരത്തിലിറക്കിയത്;

(ബി) പുതിയ ബസുകൾ ഓരോ ജില്ലയ്ക്കും അലോട്ട് ചെയ്തത് ജില്ല തിരിച്ച് എണ്ണം ലഭ്യമാക്കുമോ;

(സി) പുതിയ ബസുകൾ അലോട്ട് ചെയ്യുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### പുതിയ റൂട്ടുകൾ

**426** **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾക്ക് പുതുതായി റൂട്ടുകൾ അനുവദിക്കുന്നുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി. പുതിയ ഷെഡ്യൂളുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡമെന്ത് എന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ യാത്രാ സൗകര്യം തീരെയില്ലാത്ത റൂട്ടുകളിൽ ബസ്സുകൾക്ക് റൂട്ട് അനുവദിക്കുന്നതിന് മുൻഗണന നൽകുമോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ. എസ്. ആര്‍. ടി. സി.യ്ക്ക് അധിക സാമ്പത്തിക സഹായം**

**427 ശ്രീ. സി. ദിവാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വര്‍ഷത്തില്‍ കെ. എസ്. ആര്‍. ടി. സിയ്ക്ക് 100 കോടി രൂപയുടെ അധിക സാമ്പത്തിക സഹായം അനുവദിച്ചതിന്റെ അടിസ്ഥാനത്തില്‍ നടപ്പാക്കിയ പുരോഗമനപ്രവര്‍ത്തനങ്ങള്‍ വിശദീകരിക്കാമോ;

(ബി) ഈ സഹായത്തിന്റെ അടിസ്ഥാനത്തില്‍ കെ. എസ്. ആര്‍. ടി. സി. യുടെ പ്രവര്‍ത്തന നഷ്ടത്തില്‍ എന്തെങ്കിലും കുറവ് ഉണ്ടായിട്ടുണ്ടോ;

(സി) കരുനാഗപ്പള്ളിയിലെ കെ. എസ്. ആര്‍. ടി.സി സ്റ്റാന്റിനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിര്‍മ്മാണ പദ്ധതിയുടെ പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. പുതുതായി വാങ്ങിയ ബസ്സുകൾ</u>

**428** **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. എത്ര ബസ്സുകൾ വാങ്ങി;

(ബി) പുതുതായി വാങ്ങിയ ബസ്സുകൾ ഏതെല്ലാം ഡിപ്പോകൾക്കാണ് അനുവദിച്ചുനൽകിയതെന്നും ഓരോ ഡിപ്പോകൾക്കും എത്ര ബസ്സുകൾ അനുവദിച്ചുനൽകി എന്നതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം നിയമസഭാ സാമാജികരുടെ അപേക്ഷപ്രകാരമാണ് പുതിയ ബസ്സുകൾ നൽകിയതെന്നും അത്തരത്തിൽ പുതുതായി അനുവദിച്ച ബസ്സ് റൂട്ടുകൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ശബരിമല തീർത്ഥാടനകാലത്തെ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

429 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ശബരിമല തീർത്ഥാടനകാലത്ത് (വൃശ്ചികം 1 മുതൽ മകര വിളക്ക് വരെ) കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകളാണ് പ്രത്യേകം സർവ്വീസ് നടത്തിയത്;

(ബി) ഈ ഇനത്തിൽ കോർപ്പറേഷന് എത്ര വരുമാനമാണുണ്ടായത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവീസുകൾ**

430 ശ്രീ. പി.കെ. ഗുരുദാസൻ
,, കെ. വി. അബ്ദുൾ ഖാദർ
,, വി. ചെന്താമരാക്ഷൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി പ്രതിദിനം എത്ര അന്തർസംസ്ഥാന സർവീസുകൾ നടത്തിയിരുന്നുവെന്നും, ഈ സർക്കാർ അധികാരമേറ്റ ശേഷം ഇവയിൽ എത്രയെണ്ണം നിർത്തലാക്കിയെന്നും, അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി നിർത്തലാക്കിയ ഈ റൂട്ടുകളിൽ മറ്റ് സംസ്ഥാന ട്രാൻസ്പോർട്ടുകളും സ്വകാര്യ സ്ഥാപനങ്ങളും കൃത്യമായി സർവീസ് നടത്തിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിർത്തലാക്കിയ അന്തർസംസ്ഥാന സർവീസുകൾ പുനരാരംഭിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. യുടെ അന്തർസംസ്ഥാന സർവ്വീസുകൾ**

**431**

**ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ ആഭിമുഖ്യത്തിൽ എത്ര അന്തർസംസ്ഥാന സർവ്വീസുകൾ ഇപ്പോൾ നടന്നുവരുന്നു;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിലേക്കാണ് സർവ്വീസ് നടത്തുന്നത്;

(സി) സംസ്ഥാനതലത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര ഡിപ്പോയിലെ പുതുതായി ആരംഭിച്ച സർവ്വീസുകൾ**

432 **ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ. എസ്. ആർ. ടി. സി. യുടെ കൊട്ടാരക്കര ഡിപ്പോയിൽ നിന്നും പുതുതായി ആരംഭിച്ച സർവ്വീസുകൾ ഏതെല്ലാമാണ് ;

(ബി) ആരുടെയെല്ലാം ശുപാർശ പ്രകാരമാണ് പ്രസ്തുത സർവ്വീസുകൾ ആരംഭിച്ചിട്ടുളളത് ;

(സി) പ്രസ്തുത സർവ്വീസുകളിൽ എത്ര എണ്ണം ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ആദ്യ സർവ്വീസ് ആരംഭിച്ചു;

(ഡി) അത്തരം സർവ്വീസുകൾ ആരംഭിച്ച സ്ഥലം, തീയതി പങ്കെടുത്ത ജനപ്രതിനിധികൾ എന്നിവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കൊട്ടാരക്കര - ഓയൂർ- പാരിപ്പള്ളി റൂട്ടിൽ കെ.എസ്.ആർ.ടി.സി വേണാട് സർവ്വീസ്**

433 **ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര - ഓയൂർ- പാരിപ്പള്ളി റൂട്ടിൽ കെ.എസ്.ആർ.ടി.സി. വേണാട് ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാധ്യതാപഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റൂട്ടിൽ വേണാട് സർവ്വീസ് ലാഭകരമായിരിക്കുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത റൂട്ടിൽ വേണാട് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ചാത്തന്നൂർ ഡിപ്പോയിലെ അടിസ്ഥാന സൗകര്യ വികസനം**

**434 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിസ്ഥാന സൗകര്യ വികസനം ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പന്തളം കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ വിശദാംശങ്ങൾ**

**435** **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പന്തളം കെ. എസ്. ആർ. ടി. സി. ഡിപ്പോയിലെ നിലവിലുള്ള അനുവദനീയ പോസ്റ്റുകൾ തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്ന വിവരം തസ്തിക തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിലെ അനുവദനീയ ഷെഡ്യൂളുകളുടെയും ബസ്സുകളുടെയും വിവരം ലഭ്യമാക്കുമോ;

(ഡി) നിലവിൽ ഈ ഡിപ്പോയിലെ ഷെഡ്യൂളുകളുടേയും ബസ്സുകളുടേയും വിശദാംശം അറിയിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**അടൂര്‍ ഡിപ്പോയിലെ ഷെഡ്യൂളുകളുടെ വിശദാംശം**

**436 ശ്രീ. ചിറ്റയം ഗോപകുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അടൂര്‍ കെ.എസ്.ആര്‍.ടി.സി. ഡിപ്പോയിലെ നിലവിലുള്ള അംഗീകൃത ഷെഡ്യൂളുകളുടെയും, ബസുകളുടെയും വിവരം ലഭ്യമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം അടൂര്‍ ഡിപ്പോയില്‍ നിറുത്തലാക്കിയ ഷെഡ്യൂളുകളുടെ വിശദാംശം അറിയിക്കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം അടൂര്‍ കെ.എസ്.ആര്‍.ടി.സി. ഡിപ്പോയില്‍ പുതിയതായി എത്ര ബസുകള്‍ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) യാത്രാക്ലേശം അധികമായുള്ള അടൂര്‍-ചാരുമൂട്-മാവേലിക്കര-ഹരിപ്പാട് റൂട്ടില്‍ പുതിയതായി ബസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ചേർത്തല ഡിപ്പോ വക ബസ്**

437 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ചേർത്തല ഡിപ്പോയിലെ ഒരു ബസ്സ് ഉദ്ദേശം അയ്യായിരത്തോളം രൂപ വില വരുന്ന സൈഡ് ഗ്ലാസ്സ് പൊട്ടിയ കാരണത്താൽ തിരുവനന്തപുരം വർക്ക്ഷോപ്പിൽ അൻപത് ദിവസത്തിലധികം പിടിച്ചിട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ചേർത്തല ഡിപ്പോ വക ആർ.എൻ.ഇ - 726-ാം നമ്പരോടുകൂടിയ പ്രസ്തുത ബസ്സിന്റെ പ്രതിദിന ശരാശരി കളക്ഷൻ എത്ര രൂപയായിരുന്നുവെന്നു വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ കോർപ്പറേഷന് എത്ര രൂപ നഷ്ടം വന്നിട്ടുണ്ടെന്നു വ്യക്തമാക്കാമോ; മേൽപ്പറഞ്ഞ സംഭവത്തിൽ കോർപ്പറേഷന് ലക്ഷക്കണക്കിന് രൂപ നഷ്ടമുണ്ടാക്കിയതുമായി ബന്ധപ്പെട്ട് കാരണക്കാരായ ആർക്കെങ്കിലും എതിരെ നടപടി എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കുമളി നെടുങ്കണ്ടം മൂന്നാർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ്**

**438 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളായ കുമളി-മൂന്നാർ റൂട്ടിൽ നാല് സ്വകാര്യ ബസുകൾ അല്ലാതെ കെ.എസ്.ആർ.ടി.സി ബസുകൾ ഒന്നും സർവ്വീസ് നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുമളിയിൽ നിന്നും രാവിലെ പത്തുമണിക്ക് ശേഷം മൂന്നാറിലേക്ക് ബസുകൾ ഒന്നും സർവ്വീസ് നടത്താത്ത സാഹചര്യത്തിൽ അടിയന്തിരമായി കുമളി- നെടുംകണ്ടം-മൂന്നാർ റൂട്ടിൽ കെ.എസ്.ആർ.ടി.സി ബസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ചാരുംമൂട് കേന്ദ്രീകരിച്ച് കെ. എസ്. ആർ. ടി. സി. ഡിപ്പോ**

**439 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രീകരിച്ച് കെ. എസ്. ആർ. ടി. സി. ഡിപ്പോ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവേലിക്കര കെ. എസ്. ആർ. ടി. ഡിപ്പോയിൽ സ്റ്റേഷൻ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കരയിൽ ബസ്സുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പുതിയ ബസ്സുകൾ അനുവദിക്കുമോ?

# കേരള നിയമസഭ

## 12.06.2012 -ലെ മറുപടിക്ക്

**തൊട്ടിൽപ്പാലം സബ് ഡിപ്പോയിലുള്ള ബസ്സുകൾ**

**440**

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൊട്ടിൽപ്പാലം സബ് ഡിപ്പോയിൽ എത്ര ബസ്സുകൾ ഉണ്ടെന്നും എത്ര സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബസ്സുകളിൽ എത്രയെണ്ണം യഥാസമയം റിപ്പയർ ചെയ്യാത്തതിനാൽ സർവ്വീസ് നടത്താൻ കഴിയാതെ വന്നിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ബസ്സുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് നിരത്തിലിറക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**തൃക്കരിപ്പൂർ മണ്ഡലത്തിലൂടെ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ്സുകൾ**

**441** **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം തൃക്കരിപ്പൂർ മണ്ഡലത്തിലൂടെ സഞ്ചരിച്ചിരുന്ന എത്ര കെ.എസ്. ആർ.ടി.സി ബസ്സുകളാണ് നിർത്തിവച്ചതെന്നും, പുതുതായി എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പയ്യന്നൂര്‍ ഡിപ്പോയില്‍ നിലവിലുള്ള ബസ്സുകള്‍**

442 **ശ്രീ. സി. കൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പയ്യന്നൂര്‍ കെ.എസ്.ആര്‍.ടി.സി. ഡിപ്പോയില്‍ നിലവിലുള്ള ഷെഡ്യൂളിന് ആനുപാതികമായി ബസ്സുകള്‍ ഇല്ലാത്ത കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര ബസ്സുകളുടെ കുറവാണ് നിലവില്‍ പ്രസ്തുത ഡിപ്പോയില്‍ ഉള്ളത് ;

(സി) ഇത് പരിഹരിക്കാന്‍, ബസ്സുകള്‍ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആര്‍.ടി.സി കാസര്‍ഗോഡ് - മംഗലപുരം റൂട്ടില്‍ രാത്രികാലങ്ങളില്‍ ബസ് സര്‍വ്വീസ്**

443 ശ്രീ. എന്‍.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ കാസര്‍ഗോഡ് മണ്ഡലത്തില്‍ കെ.എസ്.ആര്‍.ടി.സി സര്‍വ്വീസ് നടത്താത്ത പഞ്ചായത്തുകളാണ് ബഹുഭൂരിഭാഗവും എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആര്‍.ടി.സി പുതിയ ബസ്സുകള്‍ നിരത്തിലിറക്കുമ്പോള്‍ നിലവില്‍ ഓടിക്കൊണ്ടിരിക്കുന്നവയില്‍ ചിലതെങ്കിലം ഈ പിന്നോക്ക മണ്ഡലത്തില്‍ സര്‍വ്വീസ് നടത്തുവാന്‍ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാസര്‍ഗോഡ് മണ്ഡലത്തില്‍ പ്രധാന റൂട്ടുകളിലെങ്കിലും കെ.എസ്.ആര്‍.ടി.സി സര്‍വ്വീസ് ആരംഭിക്കാന്‍ നടപടി ഉണ്ടാകുമോ;

(ഡി) കാസര്‍ഗോഡ്-മംഗലാപുരം റൂട്ടില്‍ രാത്രി കാലങ്ങളില്‍ കെ.എസ്.ആര്‍.ടി.സി ബസ് സര്‍വ്വീസ് ഇല്ലത്തതിനാല്‍ ഈ സമയത്ത് ബസ് ഓടിക്കുന്നതിന് നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**മംഗലാപുരത്തുനിന്നും വീതവും പേട്ടയിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി**

**444 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രസിദ്ധ ദേവീക്ഷേത്രമായ ശ്രീ.തിരുവർക്കാട്ട്കാവിൽ ഭക്ത ജനങ്ങൾക്ക് എത്തിച്ചേരുന്നതിനായി മംഗലാപുരത്തുനിന്നും വീതവുംപേട്ടയിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണമെന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിൽ പി. എസ്. സി. നിയമനങ്ങളുടെ വിശദാംശം</u>

445 **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സിയിൽ പി. എസ്.സി ലിസ്റ്റിൽ നിന്നും കഴിഞ്ഞ അഞ്ചു വർഷക്കാലം നടന്ന നിയമനങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിനുളളിൽ പി. എസ്. സി. അഡ്വൈസ്സ് ചെയ്തവരുടേയും നിയമന ഉത്തരവ് കൈപ്പറ്റിയവരുടേയും എണ്ണം തസ്തികതിരിച്ച് ലഭ്യമാക്കുമോ;

(സി) പി. എസ്. സി. അഡ്വൈസ്സ് ചെയ്യുന്ന ഉദ്യോഗാർത്ഥികളിൽ വലിയൊരു വിഭാഗം ജോലിയ്ക്ക് ഹാജരാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം കണ്ണൂർ ജില്ലയിലുൾപ്പെടെ കെ. എസ്. ആർ. ടി.സി നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>തൊട്ടിൽപാലം - വടകര റൂട്ടിൽ ചെയിൻ സർവ്വീസ്</u>

446 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപാലം ഡിപ്പോയിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) തൊട്ടിൽപാലം - വടകര റൂട്ടിൽ കെ. എസ്. ആർ. ടി. സി. ചെയിൻ സർവ്വീസ് നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത സർവ്വീസ് അടിയന്തിരമായി തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് നഗരത്തിൽ ലോഫ്ളോർ ബസ്**

**447** **ശ്രീ. കെ. എൻ. എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് കെ.എസ്.ആർ.റ്റി.സി. എത്ര സർവ്വീസുകൾ നടത്തിവരുന്നു;**

(ബി) **ആയതിൽ മലബാറിലെ ആറ് ജില്ലകളിൽ എത്ര ബസ്സുകളാണ് ഓടുന്നത്;**

(സി) **കോഴിക്കോട് നഗരത്തിൽ ലോഫ്ളോർ ബസ് സർവ്വീസ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ടൗൺ ടു ടൗൺ ബസ്സുകൾ കോഴിക്കോട് മെഡിക്കൽ കോളേജുവരെ നീട്ടാൻ നടപടി**

448 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം പാലം ഉൽഘാടനം ചെയ്തതോടെ തിരൂർ, കോഴിക്കോട് ഭാഗത്തേക്ക് ഗുരുവായൂർ എറണാകുളം, പൊന്നാനി ഭാഗത്തു നിന്ന് കെ.എസ്.ആർ.ടി.സി ബസ്സുകൾ സർവ്വീസ് നടത്തുന്നതിൽ കുറച്ച് ടൗൺ ടു ടൗൺ ബസ്സുകൾ കോഴിക്കോട് മെഡിക്കൽ കോളേജുവരെ നീട്ടാൻ നടപടി സ്വീകരിക്കാമോ ;

(ബി) എങ്കിൽ എത്ര സർവ്വീസുകൾ, എന്നുമുതൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത റൂട്ടിൽ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി യിൽ കൺസഷൻ അനുവദിക്കുന്നതിനും, സ്റ്റുഡൻസ് ഒൺലി ബസ്സുകൾ ഓടിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) പൊന്നാനി കെ.എസ്.ആർ.ടി.സി ഡിപ്പോ നവീകരിക്കുന്നതിനും, ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കോരാണിയ്ക്കും കടമ്പനാട്ടുകോണത്തിനും ഇടയിൽ ഉണ്ടാകുന്ന അപകടങ്ങൾ**

449

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിൽ കോരാണിയ്ക്കും കടമ്പാട്ടുകോണത്തിനും ഇടയിൽ നിരന്തരമുണ്ടാകുന്ന അപകടങ്ങൾ റോഡ് സുരക്ഷാ അതോറിട്ടിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എം.സി. റോഡിൽ പൊരുന്തമൺ ഭാഗത്ത് സ്ഥിരം അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### സ്കൂൾ വാഹനങ്ങളിൽ ജി. പി. എസ് സംവിധാനം

450 ശ്രീ. ഹൈബി ഈഡൻ
ശ്രീ. പാലോട് രവി
ശ്രീ. എം. പി. വിൻസെന്റ്
റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ പോകുന്ന സ്കൂൾകുട്ടികൾക്ക് സുരക്ഷ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട് വിശദമാക്കുമോ;

(ബി) ആയത് കർശനമായി നടപ്പിലാക്കുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(സി) ആയതിനായി ഏർപ്പെടുത്തിയ ജി. പി. എസ് സംവിധാനം എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഈ സംവിധാനം സംസ്ഥാനം മുഴുവനും വ്യാപകമാക്കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**റോഡപകടങ്ങൾ ഒഴിവാക്കാനുള്ള നടപടി**

451 ശ്രീ. എസ്. ശർമ്മ
,, എസ്. രാജേന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറച്ചു
കൊണ്ട് വരുന്നതിന് ഗതാഗത വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അമിത വേഗത തടയുന്നതിനായി ഇന്റർസെപ്ടർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനഫലം വിലയിരുത്തിയിട്ടുണ്ടോ;

(സി) റിഫ്ളക്ടർ ഇല്ലാതെ ഡിവൈഡറുകൾ സ്ഥാപിക്കുന്നതുമൂലം സംസ്ഥാനത്തെ പ്രധാന റോഡുകളിലെല്ലാം റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**2011-ലെ സ്കൂൾ ബസ് അപകടങ്ങൾ**

**452** **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-ൽ സംസ്ഥാനത്ത് എത്ര സ്കൂൾ ബസ്സുകൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്;

(ബി) എത്ര കുട്ടികൾ ഇതുമൂലം മരണപ്പെട്ടിട്ടുണ്ട്;

(സി) സ്കൂൾ ബസുകൾക്ക് പെർമിറ്റ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) സ്കൂൾ ബസുകൾ അപകടത്തിൽപെടുന്നത് തടയുന്നതിനായി കൂടുതൽ കർശന നിയന്ത്രണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**പ്രഭാത സവാരിക്കാർക്കും സൈക്കിൾ സവാരിക്കാർക്കും അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

453 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യായമത്തിനായി പ്രഭാത സവാരി നടത്തുന്നവർക്കും രാത്രികാലങ്ങളിൽ സൈക്കിൾ സവാരി ചെയ്യുന്നവർക്കും വാഹനങ്ങൾ ഇടിച്ച് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് കൈക്കൊള്ളുന്നത് ; വ്യക്തമാക്കുമോ ;

(സി) പ്രഭാത സവാരിക്കാർക്കും മറ്റും ഇരുട്ടിൽ റിഫ്ളക്ട് ചെയ്യുന്നതരത്തിലുള്ള വസ്ത്രങ്ങളോ മറ്റു മുൻകരുതൽ ഉപാധികളോ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സെസ് ഇനത്തിൽ ലഭിക്കുന്ന തുക**

**454** **ശ്രീ. റോഷി അഗസ്റ്റിൻ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പി. സി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സേഫ്റ്റി അതോറിറ്റി എന്നാണ് നിലവിൽ വന്നത് ;

(ബി) പ്രസ്തുത അതോറിറ്റിക്ക് പ്രതിവർഷം സെസ് ഇനത്തിൽ എത്ര തുകയാണ് ശരാശരി ലഭിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) ഈ ഇനത്തിൽ സമാഹരിച്ച ഫണ്ടിൽ എത്ര തുക ചെലവഴിക്കാതെ ഉണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**അന്യസംസ്ഥാനങ്ങളിൽ നിന്നു വാങ്ങുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ**

455 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന പഴയ വാഹനങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ബി) ഇപ്രകാരം രജിസ്റ്റർ ചെയ്യുമ്പോൾ ഒടുക്കേണ്ടതായ നികുതി നിശ്ചയിക്കുന്നത് ഏതു മാനദണ്ഡം അടിസ്ഥാനമാക്കിയാണ്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഗതാഗതവകുപ്പ് 2012 മാര്‍ച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം**

456 **ശ്രീ. കെ. കെ. നാരായണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഗതാഗതവകുപ്പിന്റെ പ്ലാന്‍ ഫണ്ട് തുകയും 2012 മാര്‍ച്ച് 31 വരെ ചിലവഴിച്ച തുകയും എത്രയെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഗതാഗത വകുപ്പിന്‍കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികള്‍ ഏതെല്ലാമെന്നും, ഇതിനായി ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുകയെത്ര എന്നും വ്യക്തമാക്കാമോ ;

(സി) ഗതാഗതവകുപ്പിന്റെ ഓരോ ഹെഡിലും 2012 മാര്‍ച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സ്വകാര്യ ബസ്സ് ജീവനക്കാർക്കെതിരെയുള്ള പരാതി നൽകാൻ സംവിധാനം**

457

ശ്രീ. എ. റ്റി. ജോർജ്
,, ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സ് ജീവനക്കാരുടെ മാന്യമല്ലാത്ത നടപടികൾക്കെതിരെ പരാതികൾ നൽകാൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പ്രവർത്തന രീതി എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള പരാതികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പരാതികളിന്മേൽ പരിഹാരമുണ്ടാക്കാൻ എന്തൊക്കെ നടപടികൾ പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ബസ് ചെയ്സിസുകൾ വാങ്ങുന്നതിന് എടുത്ത വായ്പകൾ**

**458** **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി. സി. ബസ് ചെയ്സിസുകൾ വാങ്ങുന്നതിന് വായ്പകൾ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വായ്പകൾ എടുത്തിട്ടുണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണെന്നും, വായ്പാ തുക, പലിശ എന്നിവയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) വായ്പ തിരിച്ചടയ്ക്കുന്നതിന് ഏതെങ്കിലും പ്രത്യേക വരുമാനത്തെ ആശ്രയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ബസ് ചെയ്സുകൾ വാങ്ങിയ നടപടി**

**459 ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി എത്ര ബസ് ചെയ്സിസുകൾ വാങ്ങിയിട്ടുണ്ട് ;

(ബി) ഏതെല്ലാം കമ്പനികളിൽ നിന്നാണ് ബസ് ചെയ്സിസുകൾ വാങ്ങിയത്;

(സി) ഇതിൽ എത്ര ചെയ്സിസുകൾ പണി പൂർത്തിയാക്കി നിരത്തിലിറക്കി;

(ഡി) ഇനിയും ചെയ്സിസുകൾ പണി പൂർത്തിയാക്കുന്നതിന് ബാക്കിയുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുത ചെയ്സിസുകൾക്ക് എത്ര കാലത്തേയ്ക്കാണ് കമ്പനി വാറണ്ടി നൽകിയത് ;

(എഫ്) വാറണ്ടി സമയത്തിനകം പണി പൂർത്തികരിക്കാത്ത എത്ര ചെയ്സിസുകൾ ബാക്കിയുണ്ടെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

ബോഡി നിർമ്മാണ വർക്ക്ഷോപ്പുകൾ

460 ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി പുതിയ ബസുകൾ വാങ്ങുന്നതിനും സർവീസ് നടത്തുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി ആയിരം ബസുകൾ വാങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ പുതുതായി എത്ര ബസുകൾ നിരത്തിലിറക്കി; ഏതെല്ലാം ജില്ലകളിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിൽ എത്ര ബസുകൾ ഈ സർക്കാർ വന്ന ശേഷം ബോഡി നിർമ്മാണം പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ബോഡി നിർമ്മാണ വർക്ക്ഷോപ്പുകളിലെ സംവിധാനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ബോഡി നിർമ്മാണത്തിനുള്ള സാമഗ്രികളുടെ അപര്യാപ്തത കൊണ്ട് ചെയ്സിസുകൾ മഴയും വെയിലുമേറ്റ് നശിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സിയിൽ പഞ്ചിംഗ് സംവിധാനം

461 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ഭവൻ ഉൾപ്പെടെയുള്ള ഡിപ്പോ ഓഫീസസുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് ലൈൻ ഡ്യൂട്ടി ജീവനക്കാരുടേതുപോലെ ജോലിയിൽ കൃത്യത ഉറപ്പു വരുത്തുന്നതിന് മുൻ കാലങ്ങളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിരുന്നോ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കിയത് കെ.എസ്.ആർ.ടി.സി നേരിട്ടാണോ അല്ലെങ്കിൽ ഏത് സംവിധാനത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംവിധാനം ഇപ്പോഴും പ്രവർത്തനക്ഷമമാണോ;

(സി) കെ.എസ്.ആർ.ടി.സി യുടെ ഓഫീസുകളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവിടെയെത്തുന്നവർക്ക് കൃത്യവും സൌരവുമായ സേവനം ലഭ്യമാക്കുന്നതിലേക്കായി സെക്രട്ടേറിയറ്റ് മാതൃകയിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുകയും പ്രവർത്തനം നിരീക്ഷിക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### സ്കൂള്‍ കുട്ടികള്‍ക്ക് സൗജന്യ ബസ് യാത്ര

462 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ 10-ാം ക്ലാസ് വരെ പഠിക്കുന്ന സ്കൂള്‍ കുട്ടികള്‍ക്ക് സ്കൂള്‍ ദിവസങ്ങളില്‍ സൗജന്യമായി സഞ്ചരിക്കുന്നതിനുള്ള പാസ്സ് ഏര്‍പ്പെടുത്തുന്ന കാര്യം കെ.എസ്.ആര്‍.ടി.സി. പരിഗണിക്കുമോ ;

(ബി) സ്കൂള്‍ കുട്ടികള്‍ക്കുവേണ്ടി നഗരപ്രദേശങ്ങളിലെങ്കിലും കെ.എസ്.ആര്‍.ടി.സി. രാവിലെയും വൈകിട്ടും പ്രത്യേക സര്‍വ്വീസുകള്‍ ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**എം. എൽ. എ. മാർക്ക് കെ.എസ്. ആർ. ടി.സി സൂപ്പർ ഫാസ്റ്റ്/ ലോ ഫ്ളോർ ബസ്സുകളിൽ യാത്രാ സൗജന്യം**

**463 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും, ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ. ടി.സി സൂപ്പർ ഫാസ്റ്റ്/ലോ ഫ്ളോർ ബസ്സുകളിൽ എം. എൽ.എ മാർക്ക് ബസ് ചാർജ്ജ് നൽകേണ്ടതുണ്ടോ;

(ബി) ഉണ്ടെങ്കിൽ എം. എൽ.എ മാർക്ക് ബസ് ചാർജ്ജ് ഒഴിവാക്കി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) എം. എൽ.എ മാരോടൊപ്പം യാത്ര ചെയ്യുന്ന പി. എ.മാർക്ക് കൂടി കെ. എസ്. ആർ. ടി.സി ബസ്സുകളിൽ കൺസെഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിൽ എല്ലാ കെ. എസ്. ആർ. ടി. സി. ബസ്സുകളിലും കൺസെഷൻ അനുവദിക്കുന്നതിന് നടപടി**

**464 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ ആനുകൂല്യം നിലവിലുണ്ടോ;

(ബി) ഏതൊക്കെ വിഭാഗം ബസ്സുകളിലാണ് കൺസെഷൻ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന മലപ്പുറം ജില്ലയിൽ ഈ ആനുകൂല്യം നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മലപ്പുറം ജില്ലയിൽ എല്ലാ കെ. എസ്. ആർ. ടി. സി. ബസ്സുകളിലും കൺസെഷൻ അനുവദിച്ച് പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമോ;

(ഇ) ഇല്ലെങ്കിൽ ജില്ലയിൽ കെ. എസ്. ആർ. ടി. സി. യുടെ സ്റ്റുഡൻസ് ഒൺലി ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>പോലീസ് സേനാംഗങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്രാപാസ്</u>**

465 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്രാപാസ് നൽകുന്നതിന് ആലോചനയുണ്ടോ ; ഇതു സംബന്ധമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് ഇടയാക്കിയ സാഹചര്യം എന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ആനുകൂല്യം പോലീസ് വകുപ്പിന് ഉണ്ടാക്കുന്ന നേട്ടം കണക്കാക്കിയിട്ടുണ്ടോ ;

(ഡി) പ്രതികൾക്ക് എസ്കോർട്ട് പോകുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് യാത്രാപാസ് നല്കാറുണ്ടോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി.യിലെ ശമ്പള പരിഷ്ക്കരണം**

466 ശ്രീ. ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ
,, പാലോട് രവി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ ശമ്പള പരിഷ്ക്കരണ കരാർ എന്നാണ് പ്രാബല്യത്തിൽ വരുന്നത്;

(സി) കെ. എസ്. ആർ. ടി. സി. യിലെ എം. പാനൽ കാഷ്വൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ സർവ്വീസ് ബുക്കുകൾ**

**467 ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ സർവ്വീസ് ബുക്കുകൾ മെയിന്റയിൻ ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ളത് ഏതു തലത്തിലെ ഉദ്യോഗസ്ഥരെയാണ്;

(ബി) സർവ്വീസ് ബുക്കിന്റെ പകർപ്പ് ജീവനക്കാരൻ നിയമാനുസരണം ആവശ്യപ്പെട്ടാൽ അതു നൽകാറുണ്ടോ;

(സി) സർവ്വീസ് ബുക്ക് ജീവനക്കാരനെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ അത് നഷ്ടപ്പെടുന്ന സാഹചര്യത്തിൽ, പുനർനിർമ്മിതിക്ക് സഹായകമാവും വിധം ഡ്യൂപ്ലിക്കേറ്റ് സർവ്വീസ് ബുക്ക് ജീവനക്കാരൻ ആവശ്യപ്പെട്ടാൽ നൽകണമെന്ന നിർദ്ദേശം നിലവിലുണ്ടോ;

(ഡി) എങ്കിൽ തിരുവനന്തപുരം സിറ്റി ഡിപ്പോയിലെ കണ്ടക്ടർ ശ്രീ. സുലൈമാൻ തന്റെ ഡ്യൂപ്ലിക്കേറ്റ് സർവ്വീസ് ബുക്ക് തയ്യാറാക്കാനുള്ള രേഖ സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എത്രയും പെട്ടെന്ന് നൽകാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ട്രെയിനിലെ കോച്ചുകളുടെ അപര്യാപ്തത**

468 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിൽ നിന്നും രാത്രി 8.50ന് പുറപ്പെടുന്ന ഗുരുവായൂർ-ചെന്നൈ എഗ്മൂർ എക്സ്പ്രസ് ട്രെയിനിൽ ബർത്ത് സൗകര്യമുള്ള 4 സ്ലീപ്പർ കോച്ചുകളും, എ.സി. ടൂടയർ, ത്രീടയർ വിഭാഗങ്ങളിൽ ആയി ഓരോ കോച്ചുകളും മാത്രമാണ് ഉള്ളത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദിനംപ്രതി ധാരാളം യാത്രക്കാർ പ്രസ്തുത ട്രെയിനിൽ ബർത്ത് കിട്ടാതെ ബുദ്ധിമുട്ടുന്നതു കണക്കിലെടുത്ത് കൂടുതൽ ബർത്തുകളുള്ള കോച്ച് അനുവദിച്ചു കിട്ടുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 12.06.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ കുറവ്**

**469 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാഹന വർദ്ധനവിന് ആനുപാതികമായി മോട്ടോർ വാഹന വകുപ്പിൽ ജീവനക്കാർ നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് നിയമസഭാ സബ്ജക്റ്റ് കമ്മിറ്റിയുടെയും സി. എ. ജി. യുടെയും ശുപാർശ പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

## പാരലൽ സർവ്വീസ്

**470 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാരലൽ സർവ്വീസ് നടത്തുന്ന വാഹനങ്ങൾ തടഞ്ഞ് നിർത്തുന്നതിനും പരിശോധിക്കുന്നതിനും നടപടിയെടുക്കുന്നതിനുമുള്ള അധികാരം ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത്;

(ബി) കെ.എസ്.ആർ.ടി.സി.യിലെ ഉദ്യോഗസ്ഥർക്ക് ഇതിനുള്ള അധികാരം നൽകിയിട്ടുണ്ടോ;

(സി) ഇത്തരത്തിൽ വാഹനപരിശോധനയ്ക്കായി പോലീസ് ബോർഡ് പ്രദർശിപ്പിച്ച് കെ.എസ്.ആർ.ടി.സി വാഹനങ്ങൾ ഉപയോഗിക്കാറുണ്ടോ;

(ഡി) എങ്കിൽ കഴിഞ്ഞ ഒരു കൊല്ലം ഇതിന്റെ വെളിച്ചത്തിൽ എത്ര വാഹനങ്ങൾ പിടികൂടിയിട്ടുണ്ട്; എങ്കിൽ പിടിക്കപ്പെട്ടവയിൽ നിന്ന് എന്ത് തുക പിഴയായി ഈടാക്കി; എത്ര വാഹനങ്ങൾ പിടിച്ചെടുത്തു; വ്യക്തമാക്കുമോ;

(ഇ) ഇത്തരം പ്രവർത്തനം കൊണ്ട് പാരലൽ സർവ്വീസ് നടത്തുന്നവരെ നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?